**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4479** **01-07-2024 - ൽ മറുപടിയ്ക്ക്**

**കുറഞ്ഞ നിരക്കിൽ ദീർഘകാല വൈദ്യുതി കരാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എച്ച്. സലാം | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ പ്രധാന ജലസംഭരണികളിലെ നിലവിലെ ജലനിരപ്പ് പ്രകാരം എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ-ന്റെ പ്രധാന ജലസംഭരണികളിലെ നിലവിലെ ജലനിരപ്പിന് അനുപാതമായ ഉല്പാദിപ്പിക്കാൻ കഴിയുന്ന ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ കണക്ക് ചുവടെ ചേർക്കുന്നു. |

| നമ്പർ | ജലസംഭരണി | 24.06.2024 ലെ ജലനിരപ്പ് (m) | 24.06.2024 ലെ ജലനിരപ്പിനു അനുപാതമായ വൈദ്യുതിയുടെ കണക്ക് (MU) |
|---|---|---|---|
| 1 | ഇടുക്കി | 2328.46 Ft. | 634.85 |
| 2 | ഇടമലയാർ | 137.07 | 63.57 |
| 3 | കക്കി | 945.43 | 167.40 |
| 4 | പമ്പ | 965.90 | 4.09 |
| 5 | ബാണാസുരസാഗർ | 755.40 | 22.37 |
| 6 | കക്കയം | 748.89 | 17.20 |
| 7 | ഷോളയാർ | 2582.00 ft | 12.99 |
| 8 | കുണ്ടള | 1741.00 | 0.26 |
| 9 | മാട്ടുപെട്ടി | 1590.70 | 95.60 |
| 10 | ആനയിറങ്കൽ | 1189.80 | 3.35 |
| 11 | പൊൻമുടി | 687.50 | 14.15 |
| 12 | പൊരിങ്ങൽകുത്ത് | 418.25 | 5.47 |
| 13 | കല്ലാർകുട്ടി | 451.90 | 3.18 |
| 14 | ലോവർപെരിയാർ | 245.80 | 0.85 |
| 15 | മൂഴിയാർ | 188.50 | 0.19 |
| 16 | ചെങ്കുളം | 846.55 | 0.10 |

പ്രധാന ജലസംഭരണികളിലെ നിലവിലെ ജലനിരപ്പ് പ്രകാരം 1044.48 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദനത്തിനുള്ള സംഭരണമാണുള്ളത് .

(ബി) വേനൽക്കാലത്ത് ജലാശയങ്ങളിലെ ജലനിരപ്പ് കുറയുന്നതുമൂലം ഉല്പാദനത്തിൽ കുറവും അതേസമയം ഉപഭോഗത്തിൽ വർദ്ധനയും ഉണ്ടാകുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി. അധിക വൈദ്യുതി ലഭ്യമാക്കിയത് എങ്ങനെയാണെന്ന് വിശദമാക്കാമോ; ഇതുവഴി എത്ര കോടി രൂപയുടെ അധിക ബാധ്യതയാണ് കെ.എസ്.ഇ.ബി. യ്ക്കും അതുവഴി ഉപഭോക്താവിനും വന്നിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ കാലവർഷം ദുർബലമായത് മൂലം ഉപഭോഗത്തിൽ ഗണ്യമായ വർദ്ധനവ് (ശരാശരി 10 മുതൽ 17%) വന്നിരുന്നു. 2024 വേനൽക്കാലത്ത് ഈ വർദ്ധനവ് പ്രതീക്ഷിച്ചുകൊണ്ട് ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വലിയ അന്തരം ഇല്ലാതാക്കുന്നതിനായി 2024 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലേക്കു ഹ്രസ്വ കാല കരാറിലും ബാങ്കിങ് കരാറിലും (കൈമാറ്റ കരാർ) ഏർപ്പെട്ടിരുന്നു. കരാർ വിശദാംശംങ്ങൾ താഴെ ചേർക്കുന്നു .

(i) ഹ്രസ്വകാലകരാറുകൾ

2024 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഏർപ്പെട്ടിരുന്ന ഹ്രസ്വകാല കരാറുകൾ താഴെ പറയും പ്രകാരമാണ്.

| ക്ര നമ്പർ | **മാസം** | **ലഭ്യത മെഗാവാട്ടിൽ** | **ഉത്പാദകർ /ട്രേഡർ** |
|---|---|---|---|
| 1 | മാർച്ച് | 225 | GMR, NVVN, MPL |
| 2 | ഏപ്രിൽ | 500 | GMR, NVVN, Ambitious power, Adani power, PTC, TPTCL |
| 3 | മെയ് | 475 | GMR, NVVN, Ambitious power, Adani Power, TPTCL, Naitwar Mori |

(ii) ബാങ്കിങ് കരാറുകൾ

2024 മാർച്ച്, ഏപ്രിൽ മാസങ്ങളിലേക്കു ഏർപ്പെട്ടിട്ടുള്ള ബാങ്കിങ് കരാറുകൾ താഴെ പറയും പ്രകാരമാണ്.

| ക്ര നമ്പർ | **മാസം** | **ലഭ്യത മെഗാവാട്ടിൽ** | **ഉത്പാദകർ / ട്രേഡർ** |
|---|---|---|---|
| 1 | മാർച്ച് (1 മുതൽ -31വരെ ) | 200 | APPCPL |
| 2 | മാർച്ച് (1 മുതൽ -15വരെ ) | 100 | APPCPL |
| 3 | മാർച്ച് (15 മുതൽ -31വരെ ) | 200 | SAPL |
| 4 | ഏപ്രിൽ( (1 മുതൽ -15വരെ ) | 200 | APPCPL |

വേനൽ കാലത്തു ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കിയത് വഴി KSEBLനു ഏകദേശം 523 കോടി രൂപയുടെ അധിക ചിലവ് ഉണ്ടാക്കിയതായി കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ വൈദ്യുതി പവർ എക്സ്ചേഞ്ച് വഴിയും monthly contract മുഖേനയും ഡീവിയേഷൻ വഴി ഗ്രിഡിൽ നിന്നും ലഭ്യമാക്കിയത് വഴി KSEBL-ന് 1184 കോടി രൂപയുടെയും അധിക ബാധ്യത ഉണ്ടാക്കിയതായി കണക്കാക്കിയിട്ടുണ്ട്.

എന്നാൽ ടി അധിക ചിലവ് നിരക്ക് വർദ്ധനവിലൂടെ ഉടനടി നികത്തുവാൻ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പ്രകാരം കഴിയുകയില്ല. എന്നാൽ ടി അധിക

ബാധ്യത കണക്കാക്കി ട്രൂ അപ്പ് പെറ്റീഷനിലൂടെയും സർചാർജ് പെറ്റീഷനിലൂടെയും സംസ്ഥാന റെഗുലേറ്ററി കമ്മീഷന് സമർപ്പിക്കുന്ന മുറക്ക് കമ്മിഷനാണ് നിരക്ക് വർധനവിന്റെ ആവശ്യകതയെ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നത് .

വേനൽക്കാലത്തെ ഉയർന്ന ഉപഭോഗം കണക്കിലെടുത്ത് എല്ലാവർഷവും ദീർഘകാല കരാറുകൾക്ക് പുറമേ മധ്യകാല ഹ്രസ്വകാല കരാർ പ്രകാരവും ബാങ്കിങ് സംവിധാനത്തിലൂടെയും വൈദ്യുതി ഏർപ്പെടുത്താറുണ്ട്. ജലവൈദ്യുതി നിലയങ്ങളിലെ ഉൽപാദനം ഈ മാസങ്ങളിൽ പരമാവധി ലഭ്യമാക്കുവാൻ ആസൂത്രണം നടത്താറുണ്ട്. ഈ വർഷം വേനൽ മാസങ്ങളിൽ വന്ന അതിതീവ്രവേനൽ മൂലം ഉണ്ടായ ഉപഭോഗത്തിലെ വർദ്ധനവും നീരൊഴുക്കിലെ കുറവ് മൂലം ആഭ്യന്തര ഉൽപാദനത്തിലെ കുറവിന്റെയും അന്തരം താഴെ ചേർക്കുന്നു.

| **മാസം** | **ഉപഭോഗം (ദശ ലക്ഷം യൂണിറ്റ്)** | **ആഭ്യന്തര ഉത്പാദനം (ദശ ലക്ഷം യൂണിറ്റ്)** | **അന്തരം (ദശ ലക്ഷം യൂണിറ്റ്)** |
|---|---|---|---|
| മാർച്ച് | 3056.76 | 558.30 | 2498.46 |
| ഏപ്രിൽ | 3191.04 | 631.38 | 2559.66 |
| മെയ് | 2846.51 | 598.74 | 2247.77 |

ദീർഘകാല കരാർ അടിസ്ഥാനത്തിൽ 4രൂപ 29 പൈസ നിരക്കിൽ ലഭിച്ചുകൊണ്ടിരുന്ന 465 മെഗാവാട്ടിന്റെ വൈദ്യുതി വാങ്ങൽ കരാറുകൾക്ക് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുമതി നിഷേധിച്ചതു മൂലം വന്ന കുറവു നികത്തുന്നതിനായും, വേനൽക്കാലത്തെ അധിക ആവശ്യകത കണക്കി ലെടുത്തും, പാർലമെൻറ് തിരഞ്ഞെടുപ്പ് മൂലമുള്ള അധിക ആവശ്യകത മുന്നിൽ കണ്ടു കൊണ്ടും 400 മെഗാവാട്ട് RTC പവറും 200 മെഗാവാട്ട് പീക്ക് സമയത്തേക്കും ലഭിക്കുവാനുള്ള കരാർ ക്ഷണിച്ചു. എന്നാൽ ആവശ്യപ്പെട്ട 400 മെഗാവാട്ടിന് പകരം 150 ഉം, 200 മെഗാവാട്ടിന് പകരം 50 ഉം ആണ് ഓഫർ കിട്ടിയത്. മാത്രമല്ല വളരെ ഉയർന്ന നിരക്കാണ് ഇതിനു രേഖപ്പെടുത്തിയതും. അതിനാൽ വൈദ്യുതിയുടെ അധിക ആവശ്യകത കണക്കിലെടുത്ത് ലഭിക്കാവുന്ന ഏറ്റവും കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ച് വഴി മാസ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മാർച്ച് 2024 | 300 മെഗാവാട്ട് (0-24 hrs.) 7 രൂപ 90 പൈസ നിരക്കിൽ |
| ഏപ്രിൽ 2024 | 445 മെഗാവാട്ട് മുതൽ 601 മെഗാവാട്ട് വരെ (0-24 hrs.) 8 രൂപ 65പൈസ മുതൽ 9 രൂപ 56പൈസ നിരക്കിൽ |
| മെയ് 2024 | 547 മെഗാവാട്ട് (0-24 hrs.) 9 രൂപ 25പൈസ നിരക്കിൽ |

2022-ൽ ഏർപ്പെട്ട മധ്യകാലകരാർ വഴി 2022, 2023, 2024 വർഷങ്ങളിൽ ജനുവരി മുതൽ ജൂൺ വരെയുള്ള 6 മാസകാലയളവിൽ 270 മെഗാവാട്ട് 3 രൂപ 26 പൈസ നിരക്കിൽ വൈദ്യുതി ലഭിച്ചു വരുന്നു.

പവ്വർ മാർക്കറ്റിൽ നിന്നും Day Ahead, Term Ahead അടിസ്ഥാനത്തിൽ വാങ്ങിയ വൈദ്യുതിയുടെ കണക്ക് താഴെ ചേർക്കുന്നു.

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>മാർച്ച് 2024</td><td>241.70 ദശലക്ഷം യൂണിറ്റ് - 3 രൂപ 99പൈസ നിരക്കിൽ</td></tr>
<tr><td>ഏപ്രിൽ 2024</td><td>141.58 ദശലക്ഷം യൂണിറ്റ് - 6 രൂപ 40പൈസ നിരക്കിൽ</td></tr>
<tr><td>മെയ് 2024</td><td>59.78 ദശലക്ഷം യൂണിറ്റ് - 9രൂപ 93പൈസ നിരക്കിൽ</td></tr>
</table>
Deviation വഴി ഗ്രിഡിൽ നിന്നും എടുത്ത അധിക വൈദ്യുതിയുടെ കണക്ക് താഴെ ചേർക്കുന്നു
<table>
<tr><td>മാർച്ച് 2024</td><td>39.23ദശലക്ഷം യൂണിറ്റ് - 3 രൂപ 42 പൈസ നിരക്കിൽ</td></tr>
<tr><td>ഏപ്രിൽ 2024</td><td>45.57 ദശലക്ഷം യൂണിറ്റ് - 5 രൂപ 36പൈസ നിരക്കിൽ</td></tr>
<tr><td>മെയ് 2024</td><td>28.09ദശലക്ഷം യൂണിറ്റ് - 3 രൂപ 34 പൈസ നിരക്കിൽ</td></tr>
</table>
വടക്ക് കിഴക്കൻ സംസ്ഥാനത്തിലെ SJVN ജലവൈദ്യുത നിലയത്തിൽ നിന്നും, കേന്ദ്രവൈദ്യുതി മന്ത്രാലയം അധികമായി അനുവദിച്ച തെലുങ്കാന STPP യിൽ നിന്നും, സംസ്ഥാനത്തിന് പുറത്തെ വിവിധ സൗരോർജ്ജ ഉൽപാദകരിൽ നിന്നും വേനൽക്കാലത്ത് വൈദ്യുതി ലഭ്യമാക്കിയിരുന്നു.
</td>
</tr>
<tr>
<td>(സി)</td>
<td>സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനവും ഉപഭോഗവും തമ്മിൽ വ്യത്യാസമുണ്ടെന്നിരിക്കെ വേനൽക്കാലത്തെ ഉപഭോഗം മുന്നിൽക്കണ്ട് കുറഞ്ഞ നിരക്കിൽ ദീർഘ കാലത്തേയ്ക്ക് വൈദ്യുതി വാങ്ങുന്നതിന് കരാർ ഉണ്ടാക്കിയാൽ ഉപഭോക്താക്കളുടെമേൽ അധികഭാരം ഏൽപ്പിക്കാതെ കെ.എസ്.ഇ.ബി. യ്ക്ക് മുന്നോട്ട് പോകാൻ കഴിയില്ലേയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?</td>
<td>(സി)</td>
<td>
ഉണ്ട്. വരുന്ന വർഷങ്ങളിലെ ഉപഭോഗം, ഉത്പാദനം നിലവിൽ ഏർപ്പെട്ടിട്ടുള്ള ദീർഘകാല കരാർ പ്രകാരമുള്ള വൈദ്യുതി എന്നിവ കണക്കിലെടുത്തും, വിവിധ സമയങ്ങളിലെ വൈദ്യുതി ആവശ്യകതയും ലഭ്യതയും മാസാടിസ്ഥാനത്തിൽ കണക്കാക്കുകയും, അധികമായി വേണ്ടി വരുന്ന ആവശ്യകത ഏർപ്പാടാക്കാൻ ആസൂത്രണത്തിന്റെയും വിശകലനത്തിന്റെയും ഭാഗമായി നടത്തിവരാറുള്ള കോർ കമ്മിറ്റി, പവർ പൊസിഷൻ കമ്മിറ്റി യോഗങ്ങളിൽ ചർച്ച ചെയ്ത് ദീർഘകാല കരാർ മുഖേനയും മധ്യകാല ഹ്രസ്വകാല കരാറിലൂടെയും ഉചിതമായ നടപടികൾ കൈ കൊണ്ടുവരുന്നു. കഴിഞ്ഞ വേനൽക്കാലത്തെ അതിതീവ്ര വേനൽ ചൂട്ട മൂലം ഉപഭോഗത്തിൽ വന്ന വർദ്ധനവും, ആഭ്യന്തര ഉൽപാദനത്തിൽ വന്ന കുറവും, ദീർഘകാല കരാർ റദ്ദ് ചെയ്തത് കാരണം ഉണ്ടായ കുറവും കണക്കിലെടുത്ത് വൈദ്യുതി ലഭ്യതയിലെ കുറവ് മുൻകൂട്ടി കണക്കാ ക്കുകയും അധിക വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ ഏർപ്പെടുകയും ചെയ്തിരുന്നു.
ദീർഘകാല കരാറുകളിൽ സാധാരണ ഏർപ്പെടുന്നത് 7 മുതൽ 25 വർഷത്തേക്ക് മുഴുവൻ സമയ (എല്ലാദിവസവും 24 മണിക്കൂറും) ലഭ്യതയിൽ ഒരു നിശ്ചിത വൈദ്യുതി വിഹിതം ഉറപ്പ വരുത്തുവാൻ വേണ്ടിയാണ . 2014 ൽ KSEBL ഏർപ്പെട്ട 465 MWന്റെ ദീർഘകാല കരാറുകൾ ടെൻഡർ നടപടി ക്രമങ്ങളിലെ വ്യതിയാനം കാണിച്ചു റെഗുലേറ്ററി കമ്മീഷൻ 10.05.2023 ലെ ഉത്തരവിലൂടെ ആദ്യം റദ്ദാക്കിയെങ്കിലും 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ പുനഃസ്ഥാപിക്കുകയും, നിലവിലെ കരാർ പ്രകാരമുള്ള നിരക്കിൽ തന്നെ വൈദ്യുതി നൽകണമെന്ന് ഉല്പാദകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട് .ഇതു പ്രകാരം വൈദ്യുതി നൽകണമെന്ന് KSEBL ആവശ്യപ്പെട്ടെങ്കിലും വൈദ്യുതി നല്കാൻ ഉത്പാദകർ ഇതുവരെ തയ്യാറായിട്ടില്ല. ദീർഘ കാല കരാറുകൾ റദ്ദാക്കിയതിനെ തുടർന്ന് ഉണ്ടായ വൈദ്യുതി ലഭ്യത കുറവ് നികത്താൻ മധ്യകാല അടിസ്ഥാനത്തിൽ 500 MW ന്റെ ടെൻഡർ 07.06.2023നു ക്ഷണിച്ചുവെങ്കിലും വൈദ്യുതി വില സമാന ദീർഘ കാല കരാറുകളെ അപേക്ഷിച്ച് വളരെ കൂടുതൽ ആയതിനാൽ കരാറിൽ ഏർപ്പെട്ടില്ല . തുടർന്ന് വിളിച്ച മധ്യകാല ടെൻഡറിലും വൈദ്യുതി വില വളരെ കൂടുതൽ ആയിരുന്നു. ഇപ്പോൾ 500 മെഗാവാട്ടിന്റെ മറ്റൊരു ദീർഘകാല ടെൻഡർ ക്ഷണിക്കുവാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു .
</td>
</tr>
</table>

| | | | |
|---|---|---|---|
| | | | എന്നാൽ അതാത് വർഷത്തെ സംഭരണികളിലെ ജലനിരപ്പും കാലാവസ്ഥയെയും അടിസ്ഥാനപ്പെടുത്തി ആവശ്യകതയും ലഭ്യതയും വിലയിരുത്തിയാണ് വേനൽ കാലത്തേക്ക് (മാർച്ച്, ഏപ്രിൽ, മെയ്) ഹ്രസ്വകാല കരാറുകളിൽ ഏർപ്പെടുന്നത്. പ്രസ്തുത വൈദ്യുതി ആവശ്യകത ഓരോ വർഷത്തെയും മേൽ സൂചിപ്പിച്ച സാഹചര്യത്തിന് അനുസരിച്ച് വ്യത്യസ്തമായിരിക്കും. അതിനാൽ വേനൽ കാലത്തെ അധിക വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഹ്രസ്വ കാല കരാറുകളിൽ ഏർപ്പെടേണ്ടിവരും. |

സെക്ഷൻ ഓഫീസർ